## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.741 11.06.2014-ൽ മറുപടിക്ക്**

**<u>വൈപ്പിനിലെ ആരോഗ്യവകുപ്പ് ജീവനക്കാരുടെ അപര്യാപ്തത</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| ജനസാന്ദ്രതയേറിയതിനാലും അന്യ സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യംമൂലവും സാംക്രമിക രോഗങ്ങൾ പടരുന്നതിന് സാധ്യതയേറിയ വൈപ്പിനിൽ ഒഴിവുള്ള ഡോക്ടർ, പാരാമെഡിക്കൽ തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | വൈപ്പിനിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഹെഡ് നഴ്സ്, ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ നിലവിൽ ഒഴിവുകളില്ല. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II, ലാബ്ടെക്നീഷ്യൻ എന്നീ തസ്തികകളിലാണ് നിലവിൽ ഒഴിവുള്ളത്. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II-ന്റെ ഒഴിവ് നികത്തുന്നതിനുള്ള നടപടി ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിച്ചിട്ടുണ്ട്. ലാബ് ടെക്നീഷ്യൻ തസ്തികയിൽ നിലവിലുള്ള ഒഴിവ് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ